LIBRARY ARCHIVES Kerala Legislative Assembly

നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ

183 (1927) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതായി നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ ചൂണ്ടിക്കാട്ടിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) എത്ര കേസ്സുകളിന്മേൽ ഫോറൻസിക് പരിശോധനാ ഫലം അറിയാനുണ്ടെന്നും ഇവയിൽ കാലപഴക്കം ചെന്ന എത്ര കേസ്സുകളുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഫോറൻസിക് പരിശോധനാ ഫലം കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനും ഇത്തരം ലാബുകളിൽ അത്യാധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതായി നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ ചൂണ്ടിക്കാട്ടിയിട്ടില്ല.

(ബി) 1-2-2016 വരെയുള്ള കണക്കനുസരിച്ച് തിരുവനന്തപുരം സ്റ്റേറ്റ് ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ 4539 കേസ്സുകളുടെയും കണ്ണൂർ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ 1399 കേസ്സുകളുടെയും തൃശ്ശൂർ റീജിയണൽ . ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ 3986 കേസ്സുകളുടെയും പരിശോധനാ ഫലം നൽകാനുണ്ട്. 1-2-2016 വരെയുള്ള കണക്കനുസരിച്ച് പരിശോധനാ ഫലം നൽകാനുള്ള പഴയ കേസ്സുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	വർഷം	കേസ്സുകളുടെ എണ്ണം
1	2010	8
2	2011	180
3	2012	393
4	2013	836
5	2014	1962
ആകെ		3379

(സി) ഫോറൻസിക് പരിശോധനാ ഫലം കാലതാമാസം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി പുതിയതായി 14 തസ്തികകൾ ഈ സർക്കാരിന്റെ കാലത്ത് അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ കൊച്ചി ആസ്ഥാനമാക്കി പുതിയ ഒരു റീജിയണൽ ഫോറൻസിക് ലാബിന്റെ പ്രവർത്തനം തുടങ്ങാനുള്ള പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. പുതിയ കൊച്ചി ലാബുകൂടി പ്രവർത്തനക്ഷമമാകുമ്പോൾ വേഗത്തിൽ ഫോറൻസിക് റിപ്പോർട്ടുകൾ ലഭ്യമാക്കാൻ കഴിയും.

നഗരൂർ പോലീസ് സ്റ്റേഷൻ അനുവദിക്കാൻ നടപടി

184 (1928) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം എവിടെയെല്ലാമാണ് പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിച്ചതെന്നും, ഇതിൽ ഏതെല്ലാം പ്രവർത്തന മാരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) നഗരൂർ കേന്ദ്രമായി പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) ഏതെല്ലാം പ്രദേശമാണ് നഗരൂർ പോലീസ് സ്റ്റേഷൻ പരിധിയായി തീരുമാനിച്ചിട്ടുള്ളത്;

(ഡി) നഗരൂർ ഗ്രാമപഞ്ചായത്ത് കെട്ടിടവും മറ്റ് ഭൗതിക സാഹചര്യങ്ങളു മൊരുക്കാമെന്ന് തീരുമാനമെടുത്ത നഗരൂർ പോലീസ് സ്റ്റേഷൻ എത്രയും പെട്ടെന്ന് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചുവടെ ചേർത്തിരിക്കുന്ന പോലീസ് സ്റ്റേഷനുകളാണ് അനുവദിച്ചത് :

1 മരട് (കൊച്ചി സിറ്റി)

2 അരുവിക്കര (തിരുവനന്തപുരം റൂറൽ)

3 അയിരൂർ (തിരുവനന്തപുരം റൂറൽ)

4 മാരായമുട്ടം (തിരുവനന്തപുരം റൂറൽ)

LIBRARY ARCHIVES Kerala Legislative Assembly